# വെങ്ങര പ്രിയദർശിനി എ യു പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

അറിവിന്റെ വെളിച്ചം പകർന്നുകൊണ്ട് കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്ന ഒരു സരസ്വതി ക്ഷേത്രമാണ് വെങ്ങര പ്രിയദർശിനി .എ.യു.പി.സ്കൂൾ. വെങ്ങര പ്രദേശത്തിന്റെ ഭാവി ശുഭാപ്തമായി രൂപപ്പെടു ത്തി എടുത്തതിൽ നിർണ്ണായകമായ സ്വാധീനം ചെലു- ത്തിയ ഈ വിദ്യാലയം നിലവിൽ വന്നത് 01.06.1976ൽ ആണ്.

ഈ പ്രദേശത്തെ സാമൂഹ്യപ്രവർത്തകനായ യശ:- ശരീരനായ, പി കോരൻ മാസ്റ്ററുടെ അക്ഷീണപരമായ പ്രവർത്തനഫലമായാണ് ഈ വിദ്യാലയം രൂപം കൊണ്ടത്. അക്കാദമിക തലത്തിലും പാഠ്യേതര പ്രവർത്തനങ്ങളി- ലും സബ്ജില്ലയിലെ മികച്ച വിദ്യാലയമായി മാറി. ഈ വിദ്യലയത്തിലെ കുട്ടികൾ യു.എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ചിട്ടുണ്ട്. സബ് ജില്ല കലോത്സ- വങ്ങളിൽ നിരവധി തവണ ഓവറോൾ ചാമ്പ്യൻ പട്ടം നേടിയെടുക്കാൻ ഈ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്, സംസ്കൃത കലോത്സവത്തിനും നിരവധി തവണ കിരീടമ- ണിയാൻ ഈ വിദ്യാലയത്തിന് ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ നിരവധി ക്ലബ്ബുകളുടെ പ്രവർത്തനം കൊണ്ട് ജനശ്രദ്ധ ആകർഷിച്ച വിദ്യാലയമാണ് ഇത്.

# കാഴ്ചപ്പാട്

സഹജീവികളെ സ്നേഹിക്കുന്ന മൂല്യബോധമുള്ള സമഭാവനയോടെ ചിന്തിക്കുന്ന, പാരിസ്ഥിതിക അവബോധമുള്ള, സാമൂഹിക ബോധമുള്ള ഉത്തമ പൗരന്മാരെ വാർത്തെടുക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

## വൈയക്തിക ലക്ഷ്യം

ഓരോ വ്യക്തിയിലുമുള്ള സർഗാത്മകശേഷി, കായിക ശേഷി, ജ്ഞാനതൃഷ്ണ, കലാപരമായ ശേഷികൾ ഇവ വളർത്തിയെടുത്ത് പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം

## സവിശേഷ ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കൽ

- ക്ലാസ് റൂം ലൈബ്രറി
- ഗണിതത്തിൽ അടിസ്ഥാനശേഷികൾ ഉറപ്പിക്കുക.
- ഭാഷ ശേഷി വികസനം അക്ഷരത്തെറ്റു കൂടാതെ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പിക്കുക.

## പ്രവർത്തനങ്ങൾ

അക്കാദമിക നിലവാരം ഏറ്റവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2025-26 അധ്യയന വർഷം മുതൽ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികളും അവയുടെ വിശദാംശങ്ങളും

## നിലവിലെ അവസ്ഥ

| | Boys | Girls | Total |
|---|---|---|---|
| V | 9 | 4 | 13 |
| VI | 22 | 26 | 48 |
| VII | 12 | 21 | 33 |
| | | | |

## സ്റ്റാഫ്

H.M : 1
UPST : 3
Hindi : 1
Sanskrit : 1
OA : 1
class room : 5
office room : 1
Staff room : 1
computer lab & Library : 1

ടോയ്ലറ്റ് : 4
കളിസ്ഥലം : ലഭ്യമാണ്
ജലം : കിണർ സൗകര്യം , മോട്ടോർ സൗകര്യം
പൈപ്പ്.

പഞ്ചായത്ത് : മാടായി
ജില്ല : കണ്ണൂർ

## ഫീഡിംഗ് സ്കൂളുകൾ

1. വെങ്ങര ഹിന്ദു എൽ. പി. സ്കൂൾ
2. ശ്രീരാമവിലാസം എൽ. പി. സ്കൂൾ
3. വയലപ്ര എൽ. പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ – മലയാളം

## മേഖല യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുക.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് | ജൂൺമാസം | മലയാളം അധ്യാപകർ |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺമാസം | മലയാളം അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
| --- | --- | --- | --- | --- |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | ജൂൺ മാസം തുടങ്ങി എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം / മുഖാമുഖം സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം. | ഹെഡ് മിസ്ട്രസ്/ മലയാളം അധ്യാപകർ. | പി.ടി.എ |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | വിദഗ്ദരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | പി.ടി.എ |

വിഷയം : സംസ്കൃതം
ക്ലാസ് തലം : യു. പി
വർഷം : 2025 - 26

ആമുഖം :

പഠിതാവിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടും, ശ്രവിക്കുക സംസാരിക്കുക, വായിക്കുക, എഴുതുക എന്നീ വൈദഗ്ധ്യങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ഇടയിൽ ഉണ്ടാവുന്ന പഠനവിടവുകളും വെല്ലുവിളികളും അതിജീവിക്കുന്നതിനും കഴിവുകളെ വികസിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ആണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാഷ ജ്ഞാനം<br>. അക്ഷരം എഴുത്ത്<br>. ചിഹ്നം ഉറപ്പിക്കൽ<br>. വാക്കുകൾ എഴുതിയ കാർഡ്<br>. ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>കാർട്ടൂൺ പ്രദർശനം<br>പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ to ആഗസ്റ്റ് | അക്ഷര-ചാർട്ട്<br>പാഠപുസ്-തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | . ചിത്രങ്ങളുടെ പേര് പറയൽ<br>. ചിത്ര കഥകൾ<br>. ലഘുസംഭാഷണങ്ങൾ, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ to ജൂലൈ | സംസ്കൃത കഥാ പുസ്തകം<br>ICT | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ to ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക. ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക. വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക കൂടുതൽ പുസ്തകങ്ങൾ വായി | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ച്യ കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | | | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | . ക്ലബ് രൂപീകരണം<br>. പഠനോപകരണ നിർമ്മാണം<br>. കലണ്ടർ നിർമ്മാണം<br>. ഗൃഹ സന്ദർശനം<br>. പഠനയാത്ര | ജൂൺ to മാർച്ച് | ചാർട്ട്<br>ചിത്രം | റിസോഴ്സ് അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | . ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>. എല്ലാ മാസവും ക്വിസ്സ് മത്സരം നടത്തുന്നു.<br>. മാതൃക ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ to മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| ആസ്വാദനം - ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br>പാടാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ | | | |

| | | | | |
|---|---|---|---|---|
| | മാസത്തിൽ ഒരു തവണ ആസ്വാദന സദ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സദയിൽ ആസ്വാദകൻ ആകണം | | | |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. പ്രത്യേകം ക്ലാസുകൾ നൽകുന്നു ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ to മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| ക്ലാസ് റൂം ആകർഷകമാക്കുന്നതിന് | . പെയിന്റിംഗ്<br>. ലൈബ്രറി ഒരുക്കുന്നു.<br>. സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | ജൂൺ to മാർച്ച് | ക്ലാസ് റൂ | റിസോഴ്സ് അധ്യാപിക |

# Academic Master Plan - English.

## Introduction

The classroom must be organised in such a way as to make the learners participate in the learning activities. Learning process should aim at the all-round development of the learner. They might have some loss of basic skills. There may be learning gap and so many challenges among students regarding to Listening, speaking, reading and writing skills. The following are some activities to develop these skills and overcome the challenges.

## Objectives

- To include all students in English language learning process
- To enrich and enhance the language proficiency of the learner.
- To support and motivate the low proficient learners by scaffolding.
- To make the learning process enjoyable by group level competitions and peer group learning.

Target Students : All Students

| Area | Activities | Duration | Finance |
| --- | --- | --- | --- |
| Reading | → Card reading Competition (Simple poems and stories) | February | |
| | → Reader of the month – Give chance to read English News paper and select Reader of the month. | every month. | |
| | → Library book reading – Book review | One book a month. | |
| Reading Speaking Writing | → Preparing news reports about the programmes conducted in school. | After each programme. | |
| | → Handwriting Competition. | January | |
| | → News reading. | Daily | |
| Speaking | → Talk on a topic based on textual lessons. | June | |
| | → Conversation with the help of pictures. | July | |
| | → English Assembly. | every week | |
| | → Speeches | September | |
| | → Group discussion. | October | |
| Speaking and writing | → Drama Theatre – Preparing Scripts based on TB and performance – group level Competition. | January | |
| Writing | → My Droplets – class Magazine | January | |
| | – Mini Dictionary. | March. | |
| | → Alert Zone – Display posters and notice | During the day celebration | |

| Area | Activities | Duration | Finance | Remarks. |
|---|---|---|---|---|
| Presentation | One man show - Give situation and present it. | November | | |
| ICT | Animation Programme | June | | |
| Competition | story telling Competition. | December | | |
| | Book review Competition. | August | | |
| | Poster making Competition. | December | | |
| | English Fest | March | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| SL No. | Programme | Activity | Duration | ഉത്പന്നം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | → അക്ഷരം എഴുത്ത്<br>→ ചിഹ്നം ഉറപ്പിക്കൽ<br>→ അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>→ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം.<br>→ ഓൺലൈൻ അക്ഷരമാല കളികൾ<br>→ വാക്കുകൾ എഴുതിയ കാർഡുകൾ<br>→ വാക്കുകൾ നിർമ്മാണം.<br>→ വാക്യങ്ങളുടെ നിർമ്മാണം. | June to August. | അക്ഷരചാർട്ട് പുസ്തകം | BRC<br>DIET<br>SCERT<br>Resource teachers. |
| 2. | വീട് ഒരു പരീക്ഷണശാല (കൂട്ടുകാരും ചേർന്ന് നാം ഉപയോഗിക്കുന്ന മറ്റു വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | → വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>→ ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും | | | |

| | | | | |
|---|---|---|---|---|
| | പരിശീലിക്കാനുള്ള അവസരം.<br><br>→ CWSN കുട്ടികളുടെ പങ്കാളിത്തം. | September to October | ഹിന്ദി അദ്ധ്യാപകൻ. | PTA, BRC Resource Teacher |
| 3. ആശയങ്ങൾ തെറ്റുകൂടാതെ എഴുതിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | → ഹിന്ദി അസംബ്ലി<br>→ ദിനാചരണങ്ങൾ [സെപ്തംബർ 14 ജനുവരി 10]<br>→ ക്ലാസ് ലൈബ്രറി<br>→ അധിക വായന സാമഗ്രികൾ<br>→ ചിത്ര സഹായത്തോടെ ചിത്രകഥ വ്യാഖ്യാനങ്ങൾ<br>→ ചിത്രം അടിക്കുറിപ്പ്<br>→ ചിത്രം കഥാപാത്രങ്ങൾ<br>→ ചിത്രം - കഥാപാത്രങ്ങൾ<br>→ വായനക്കൂട<br>→ ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | അദ്ധ്യാപകർ | BRC<br>DIET<br>PTA<br>SCERT |

വിഷയം : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | [illegible] | ചുമതല | പിന്തുണ |
| --- | --- | --- | --- | --- |
| ചരിത്രബോധം വളർത്തുക | ചരിത്രസ്മാരകങ്ങൾ സന്ദർശിക്കൽ, ക്വിസ്സുകൾ നടത്താനുള്ള, ചരിത്രപുസ്തകങ്ങൾ വായിക്കൽ, പുരാവസ്തു പ്രദർശനം | 3 മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ |
| പൊതുവിജ്ഞാനം വർധിപ്പിക്കൽ | ക്വിസ്മത്സരം | ഓരോ മാസവും | | |
| അറിവ് പ്രചരിപ്പിക്കുക, സാമൂഹ്യ പ്രവർത്തനങ്ങൾ പ്രകടമാക്കുക, സമൂഹത്തിന് വിവരങ്ങൾ നൽകുക | കുട്ടികൾ താമസിക്കുന്ന പ്രദേശത്തെ സാമൂഹിക സവിശേഷതകൾ ഉൾപ്പെടുന്ന വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കൽ | | സാമൂഹ്യ ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭക്ഷ്യമേള പ്രധാനം ചെയ്യുന്നു. ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുന്നു | ഭക്ഷ്യമേള കുട്ടികളുടെ പരിസരത്തിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് ഉണ്ടാക്കിയവയുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസിൽ കൊണ്ടുവരുന്നു. വിഭവങ്ങളുടെ വിവരണം. പങ്കിട്ടു കഴിക്കൽ | | | |
| വിദ്യാർത്ഥികേന്ദ്രീകരണം വളർത്തൽ സ്വാതന്ത്ര്യം നിർഭയം വരുതിയായ തിര- ഞ്ഞെടുപ്പ് രീതി മനസ്സിലാക്കുന്നതിന് | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പാലിച്ചുകൊണ്ട് വിദ്യാലയത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നു. | ജൂലൈ | | |
| ജനാധിപത്യപരമായ ജീവിതരീതി പരിപോഷിപ്പിക്കുന്നു | വിദ്യാലയത്തിൽനിന്ന് അടുത്തുള്ള ഗ്രാമസഭ, പഞ്ചായത്ത് സമിതിയിൽ പങ്കെടുക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| സ്വതന്ത്രവിചാരണ<br>കാര്യപ്പാട് രൂപപ്പെ<br>ടുത്തുന്നു | ചിന്തയ്, ശ്രദ്ധ,<br>സർഗ്ഗ | ശാസ്ത്രാഭിമുഖ്യ<br>വർധനം | | | |
| പ്രകൃതിദുരന്തങ്ങ<br>ളെക്കുറിച്ച് മനസ്സി<br>ലാക്കി രക്ഷാ<br>പ്രവർത്തനങ്ങളിൽ<br>പങ്കെടുക്കാൻ<br>പഠിതാക്കളെ<br>ബോധവാൻമാരാ-<br>ക്കുന്നു. | ഭൂകമ്പം, സുനാമി,<br>കൊടുങ്കാറ്റ്, വെള്ള<br>പ്പൊക്കം, ഉരുൾ<br>പൊട്ടൽ എന്നി<br>വയുടെ ചിത്രങ്ങ<br>ളടങ്ങിയ ദൃശ്യങ്ങളി<br>ലൂടെ പ്രകൃതി<br>ദുരന്തങ്ങളുടെ<br>തീവ്രതയെക്കുറിച്ച്<br>മനസ്സിലാക്കുകയും<br>അഗ്നിശമനസേന<br>ഉദ്യോഗസ്ഥരുടെ<br>സഹായത്തോടെ<br>demonstration class<br>സംഘടിപ്പിക്കുകയും<br>രക്ഷാപ്രവർത്ത<br>നങ്ങളിൽ പങ്കെ<br>ടുക്കുന്നതിന്<br>പഠിതാക്കളെ<br>ബോധവാൻമാരാക്കു<br>കയും ചെയ്യുന്നു. | | | | |

മേഖല യു.പി. സയൻസ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവ വൈവിധ്യ പാർക്ക്. പച്ചക്കറി തോട്ടം, ശലഭോദ്യാനം, എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പി.ടി.എ. |
| | പരീക്ഷണ കളരി. നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രസങ്കേതങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | എക്സ്പ്ലോ - എക്സ്പ്ലോർ. ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്. |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| | ശാസ്ത്ര വിസ്മയ ചുമർ.<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |
| | യുറേക്കാ.<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ, സയൻസ് ക്ലബ്ബ് |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര.<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട [illegible] അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം :- ഗണിതം

| ലക്ഷ്യം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * രസകരമായ ഗണിത ശാസ്ത്ര പഠനവും അവബോധ ശേഷികളുടെ വികാസവും | * ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | 1000 | S.R.G |
| * ശിശു സൗഹൃദ പഠന സാമഗ്രികളുടെ കുറവ്. | * ഗണിതലാബ് ശാക്തീകരണം<br>* ക്ലാസ് ഗണിതലാബ് ശാക്തീകരണം | 2025 June - 2026 June | | P.T.A & [illegible] |
| * മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | * ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക | 2025 June - 2026 June | | |
| * ഗണിതപഠനം രസകരവും ആകർഷകവുമാക്കാൻ | * ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>* ഗണിത മാഗസിൻ<br>* ചുമർചിത്രങ്ങൾ സ്കൂൾതലം<br>* ചോദ്യോത്തരപ്പെട്ടി<br>* ഗണിതശാസ്ത്ര മേള | 2025 July<br>2025 September<br>2025 June to 2026 June<br>2025 June to 2026 June<br>2025 [illegible] | | |

| | | | |
|---|---|---|---|
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ | * Maths worksheet<br>* Geogebra പരിശീലനം<br>* ഗണിത സ്കിറ്റ് അവതരണം<br>* മുന്നാം ക്ലാസുകൾ | 2025 June - 2026 June<br>2025 June to 2026 June<br>2025 June to 2026 March<br>2025 June to March | |
| * ഗണിത പഠന ശില്പശാല | * വിദ്യാലയത്തിൽ വച്ച് ഒരു ദിവസം മുഴുവനായും കുട്ടികൾക്കുള്ള ഗണിതപഠന സാമഗ്രികളുടെ നിർമ്മാണം | 2025 June to 2026 June | |
| | | | |